ശ്രീ. ബി. വെല്ലിംഗ്ടൺ : ഒരു പദ്ധതിയുടെ പണി എന്നു് പൂർത്തിയാകുമെന്നുള്ളതു് അനേഷിച്ചേ പറയാൻ കഴിയൂ; അനേഷിക്കാം.

ശ്രീ പി. എസ്. നമ്പൂതിരി : നാഷണൽ ഹൈവേ ക്രോസുചെയ്യേണ്ട പല വാട്ടർസപ്ലൈ സ്കീമുകൾക്കും കേന്ദ്രഗവണ്മെൻറിൻെറ അനുവാദം കിട്ടാത്തതുകൊണ്ടാണു് പണിയാരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്യാൻ സാധിക്കാത്തതെന്നറിയുന്നു, കേന്ദ്രഗവണ്മെൻറിൻെറ അനുവാദം വാങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: നാഷണൽ ഹൈവേ ക്രോസുചെയ്തു് ചെയ്യേണ്ട പദ്ധതികൾക്കു് അനുവാദം കിട്ടാത്തതുമൂലം പണി തുടങ്ങാൻ കഴിയാതെവന്നിട്ടുണ്ടു്. കൊട്ടിയം വാട്ടർ സപ്ലൈ സ്കീമിൻെറ കാര്യത്തിൽത്തന്നെ ശ്രീ. എൻ. ശ്രീകണ്ഠൻ നായർ എം. പി. നേരിട്ടു സ്വാധീനം ചെലുത്തിയാണു് കേന്ദ്രഗവണ്മെൻറിൻെറ അനുവാദം വാങ്ങിയതു്. മറ്റു പദ്ധതികളുടെ കാര്യത്തിലും ചർച്ചകളും മറ്റും നടന്നുവരികയാണു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: ശാസ്താംകോട്ട കായലിലെ വെള്ളം കൊല്ലം മുതലായ സമീപപ്രദേശങ്ങളിലേക്കു് വിതരണം നടത്തുന്നതുകൊണ്ടു് ശാസ്താംകോട്ട കായലിലെ ജലനിരപ്പു താഴുന്നതിനാൽ അവിടെ വെള്ളം കിട്ടാതിരിക്കുന്നതു പരിഗണിച്ചു്, ശാസ്താംകോട്ട ഫിൽറ്ററർ ഹൗസിൽനിന്നു് ആ പ്രദേശങ്ങളിലേക്കുമാത്രം ശുദ്ധജലം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കൊല്ലത്തേയ്ക്കു വെള്ളം കൊണ്ടുപോകുന്നതിനെപ്പറ്റിയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ അനേഷണം നടത്തിയതിൽ വിദഗ്ദ്ധന്മാർ പറയുന്നതു് അതുകൊണ്ടു് ആ പ്രദേശങ്ങളിലുള്ളവർക്കു് യാതൊരു ബുദ്ധിമുട്ടുമുണ്ടാവുകയില്ലെന്നാണു്. ആനുപാതികമായ കാൺടിബ്യൂഷൻ പഞ്ചായത്തുകാർ നൽകുകയും വാട്ടർസപ്ലൈ സ്കീമിനു് അംഗീകാരം കിട്ടുകയും ചെയ്താൽ അവിടെ സ്കീം നടപ്പാക്കാം.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : കൊല്ലം വാട്ടർസപ്ലൈ സ്കീമിനു് ഒഴികെ മറ്റൊരു പ്രദേശത്തേക്കും ശാസ്താംകോട്ട കായലിൽനിന്നു് കൊടുക്കാൻപാടില്ലെന്നു് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ള സ്ഥിതിക്കു്, ശാസ്താംകോട്ടക്കായലിലെ വെള്ളംതന്നെ പതിനഞ്ചു പട്ടണങ്ങളിലേക്കു വിതരണം നടത്താൻ പറ്റുകയില്ലെന്നു മനസ്സിലാക്കിക്കൊണ്ടു് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ : വിദഗ്ദ്ധന്മാർ റിശോധിച്ചശേഷം, ശാസ്താംകോട്ടക്കായലിൽനിന്നു് പരിസരപ്രദേശങ്ങൾക്കു് വെള്ളം വിതരണം ചെയ്യുന്നതു നിമിത്തം അവിടെ ജലക്ഷാമമുണ്ടാവുകയില്ലെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം

* 83. [209] ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിലെ ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ ആവശ്യമായ വല്ല നടപടികളും എടുത്തിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ ചെകുത്താൻകുണ്ടു് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാൻ ആവശ്യമായ വല്ല നടപടികളും എടുത്തിട്ടുണ്ടോ ;

(സി) ഇതിനെസംബന്ധിച്ചു് ഗവണ്മെൻറിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി കൈക്കൊണ്ടു ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്): (എ to ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly